ചുമത്താതിരിക്കുന്നതിനുള്ള കാരണം കാണിക്കാൻ നിർദ്ദേശിച്ച് പ്രസ്തുത ബാങ്കിന് നോട്ടിസ് നൽകുകയുണ്ടായി.

നോട്ടീസിനുള്ള പ്രസ്തുത ബാങ്കിന്റെ മറുപടിയും വ്യക്തിപരമായ ഹിയറിങ്ങിൽ നല്കിയ വാക്കാലുള്ള മറുപടിയും കൂടാതെ, പ്രസ്തുത ബാങ്കിന്റെ വിശേഷാലുള്ള സമർപ്പണങ്ങളും പരിഗണിച്ചതിൻ പ്രകാരം മറ്റുപലതിന്റേയും കൂട്ടത്തിൽ, താഴെ പറയുന്ന കുറ്റം ചാർത്തലുകൾ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ കണ്ടെത്തുകയും, തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു.

പ്രസ്തുത ബാങ്ക്:

(i) ചില നിശ്ചിത സ്ഥാപനങ്ങൾക്ക് സംഭാവനകൾ നല്കിയതിനു പുറമെ നിക്ഷേപങ്ങൾക്ക് (പുതിയത്/പുതുക്കിയത്), ഭാരതീയ സ്റ്റേറ്റ് ബാങ്ക് വാഗ്ദാനം ചെയ്യുന്നതിനെക്കാൾ അധികമായ ഉയർന്ന പലിശ നിരക്ക് , എസ് എ എഫ് - ന് കീഴിലുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി , വാഗ്ദാനം ചെയ്തു.

(ii) സംശയാസ്പദമായ ഇടപാടുകളുടെ, ഫലപ്രദമായ തിരിച്ചറിയലിന്റേയും റിപ്പോർട്ടിംഗിന്റേയും ഭാഗമായിട്ടുള്ള മുന്നറിയിപ്പ് നൽകുന്നതിനുള്ള, സുശക്തമായ സോഫ്റ്റ് വെയർ പ്രയോഗത്തിൽ വരുത്തുന്നതിൽ വീഴ്ച സംഭവിച്ചു.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് പ്രസ്തുത ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റേയോ കരാറിന്റേയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ പ്രസ്തുത ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരുവിധ മുൻവിധിയും ഉളവാക്കുന്നതല്ല.

**(പുനീത് പഞ്ചോളി)**
ചീഫ് ജനറൽ മാനേജർ

**പത്രക്കുറിപ്പ് :2024-2025/1388**